പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2207 — 11/06/2018-ൽ മറുപടിക്ക്

## തിരുവനന്തപുരം ആർ.സി സി യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | രക്താർബുദ രോഗികളിൽ അനിയന്ത്രിതമായ ജീനുകൾ വളരുന്നുണ്ടോ, ശരീരം മരുന്നുകളോട് പ്രതികരിക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ സംബന്ധിച്ച ക്വാണ്ടിറ്റേറ്റീവ് ആർ.ടി (QRT -PCR) പരിശോധന തിരുവനന്തപുരം ആർ.സി.സി യിൽ കഴിഞ്ഞ പത്ത് മാസമായി നടക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | എ) | പ്രവർത്തന രഹിതമായ മെഷീൻ മാറ്റി പുതിയ മെഷീൻ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിന്റെ പ്രവർത്തനം താളം തെറ്റുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | ബി) | ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. |
| സി) | ആരോഗ്യ വകുപ്പ് ആർ സി സി യുടെ ആഭ്യന്തര പ്രശ്നങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; ആർ സി സി യ്ക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | സി) | ശ്രദ്ധയിൽപെട്ടിട്ടുള്ള ആർ.സി.സിയിലെ പ്രശ്നങ്ങൾ സർക്കാർ പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അനുവദിച്ചു വരുന്നുണ്ട്. |
| ഡി) | കൃത്യമായി ജോലിചെയ്യാത്ത ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കാറുണ്ടോ, എങ്കിൽ 2016 ജനുവരി മുതൽ നടപടിയ്ക്ക് വിധേയമായവരുടെ വിവരം ലഭ്യമാക്കുമോ; | ഡി) | ജോലിയിൽ വീഴ്ച വരുത്തിയ ഒരു ടെക്നിക്കൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | നിലവിൽ എത്ര ഉദ്യോഗസ്ഥ പ്രതിനിധികൾ ആർ സി സി യിൽ ജോലി നോക്കുന്നുണ്ട്; ഇവർ ആർ സി സി യിലെ പ്രശ്നങ്ങൾ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഏതെല്ലാം പ്രശ്നങ്ങളാണ് അറിയിച്ചിട്ടുള്ളത്; പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ഇ) | അന്യത്ര സേവന വ്യവസ്ഥയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൺട്രോളർ ഓഫ് ഫിനാൻസ് എന്നിവർ ജോലി നോക്കി വരുന്നു. ഇവർ സർക്കാരിലേയ്ക്കുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് ആർ.സി.സി ഡയറക്ടർ മുഖേനയാണ്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങളിൽ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ